"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം 2001 & ചട്ടങ്ങൾ 2002 - റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നിർവഹിക്കുന്ന വിവിധ ജില്ലകളിലെ പാലങ്ങളുടെ നിർമാണം സംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സബ്കമ്മിറ്റി രൂപീകരിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1109/2024/RD തീയതി,തിരുവനന്തപുരം, 09-04-2024

---

**പരാമർശം:-**

1. കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം 2001 & ചട്ടങ്ങൾ 2002.
2. 19.11.2015-ലെ G.O.(Rt) No.6032/2015/RD നമ്പർ സർക്കാർ ഉത്തരവ്.
3. ധനകാര്യ പരിശോധന (എൻ ടി ഇ) വകുപ്പ് പത്തനംതിട്ട ജില്ലാ കളക്ടറേറ്റിലും ജില്ലാ നിർമിതി കേന്ദ്രത്തിലും നടത്തിയ പരിശോധനാ റിപ്പോർട്ടും ശിപാർശയും.
4. 21.02.2024-ലെ സംസ്ഥാന ഉന്നത തല സമിതി യോഗ നടപടിക്കുറിപ്പ്.

**<u>ഉത്തരവ്</u>**

റിവർ മാനേജ് ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 9 പാലങ്ങളുടെ നിർമാണത്തിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത പാലങ്ങളുടെ നിർമാണ പ്രവർത്തനത്തിലെ ക്രമക്കേടുമായി ബന്ധപ്പെട്ടു പരാമർശം (3) പ്രകാരം ധനകാര്യ പരിശോധന (എൻ ടി ഇ) വിഭാഗം റവന്യൂ വകുപ്പിൽ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. ധനകാര്യ പരിശോധനാ വിഭാഗം ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ, ടി വിഷയം, 21.02.2024-ലെ സംസ്ഥാന ഉന്നത തല സമിതിയിൽ ചർച്ച ചെയ്യപ്പെടുകയും വിശദമായ ചർച്ചയ്ക്കൊടുവിൽ, ധനകാര്യ വകുപ്പിന്റെ ശിപാർശയ്ക്ക് കാരണമായ വിവിധ ജില്ലകളിലെ പാലങ്ങൾ സംബന്ധിച്ച വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വേണ്ടി, റവന്യൂ വകുപ്പിന്റെ അഡിഷണൽ സെക്രട്ടറി, ശ്രീ. അബ്ദുൽ നാസർ IAS-ന്റെ നേതൃത്വത്തിൽ ജലസേചനം, പൊതു മരാമത്ത്, ധനകാര്യ പരിശോധനാ വിഭാഗം, നിയമം എന്നീ വകുപ്പുകളിൽ നിന്നുള്ള അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സബ് കമ്മിറ്റി രൂപീകരിക്കുന്നതിന് സമിതി തീരുമാനിച്ചിരുന്നു.

3. 21.02.2024-ലെ സംസ്ഥാന ഉന്നത തല സമിതിയുടെ തീരുമാനത്തിന് അനുസൃതമായി, റിവർ മാനേജ് ഫണ്ട് വിനിയോഗിച്ച് നിർവഹിക്കുന്ന വിവിധ ജില്ലകളിലെ പാലങ്ങളുടെ നിർമാണം സംബന്ധിച്ച വിഷയം പരിശോധിച്ച്,ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കുവാൻ റവന്യു വകുപ്പിന്റെ അഡിഷണൽ സെക്രട്ടറി, ശ്രീ. അബ്ദുൽ നാസർ IAS-ന്റെ നേതൃത്വത്തിൽ ചുവടെ ചേർക്കുന്ന പ്രകാരം ഒരു സബ്കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

**സബ് കമ്മിറ്റി അംഗങ്ങൾ**

| | | |
|---|---|---|
| 1 | ശ്രീ.അബ്ദുൽനാസർ ബി.,IAS-അഡിഷണൽ സെക്രട്ടറി, റവന്യു വകുപ്പ് | ചെയർമാൻ |
| 2 | നിയമ വകുപ്പിലെ ഉദ്യോഗസ്ഥൻ (JS/AS) | മെമ്പർ |
| 3 | ധനകാര്യ പരിശോധനാ വിഭാഗം ഉദ്യോഗസ്ഥൻ (JS/AS) | " |
| 4 | പൊതുമരാമത്ത്(ബ്രിഡ്ജ്സ്)വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ | " |
| 5 | ജലസേചന വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ | " |
| 6 | ഡോ. അരുൺ ജെ ഒ, ഡെപ്യൂട്ടി കളക്ടർ,ഇലക്ഷൻ, ഇടുക്കി | " |
| 7 | ശ്രീ ഷഹൻഷ എ - അണ്ടർ സെക്രട്ടറി, റവന്യു (പി)വകുപ്പ് | (കൺവീനർ) |

4. നിയമം, ധനകാര്യം, പൊതുമരാമത്ത്, ജലസേചനം എന്നീ വകുപ്പുകൾ സബ് കമ്മിറ്റിയിലേക്ക് ബന്ധപ്പെട്ട അംഗങ്ങളെ ശിപാർശ ചെയ്തു, അടിയന്തരമായി അറിയിക്കേണ്ടതാണ്.

5. പ്രസ്തുത സബ്കമ്മിറ്റി, പാലങ്ങളുടെ നിർമാണം സംബന്ധിച്ച വിഷയം പരിശോധിച്ച്, ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
സെക്രട്ടറി, നിയമ വകുപ്പ്.
സെക്രട്ടറി, പൊതു മരാമത്ത് വകുപ്പ്.
സെക്രട്ടറി, ജലസേചന വകുപ്പ്.
ലാൻഡ് റവന്യു കമ്മിഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (A&E), കേരള, തിരുവനന്തപുരം.
ഐ & പി. ആർ. ഡി. വകപ്പ്

**ഉത്തരവിൻ പ്രകാരം**

Signed by
Suchitra S S
Date: 11-04-2024 11:00:54

**സെക്ഷൻ ഓഫീസർ**

**പകർപ്പ്:**

റവന്യുവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
റവന്യു വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.
റവന്യു (പി) വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്.
റവന്യു (പി) വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക്.